ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2026 മാർച്ച് 19, വ്യാഴം (1947 ഫാൽഗുനം 29)

........................................................................................................................................

## Order in CMP No.02/2026 in S.T. 179/2023

| | |
|---|---|
| ഹർജിക്കാരൻ | പൂവ്വത്തിങ്കൽ സുബൈർ ഷാനവാസ്, 40 വയസ്സ്, S/o പൂവ്വത്തിങ്കൽ സുബൈർ, ആല വില്ലേജ്, കോതപറമ്പ് ദേശത്ത്, കൊടുങ്ങല്ലൂർ താലൂക്ക് |
| | (അഡ്വ: കെ കെ അൻസാർ ) |
| എതിർകക്ഷികൾ | 1.കേരള സർക്കാരിനു വേണ്ടി എസ് .എച്ച് .ഒ., കൈപമംഗലം പോലീസ് സ്റ്റേഷൻ (ശ്രീ . അബ്ദുൾ അഹദ് ആർ, എ.പി.പി, ഗ്രാമന്യായാലയം മതിലകം)<br>2. റീജനൽ പാസ്സ്പോർട്ട് ഓഫീസർ, കൊച്ചി |
| Offence :- | U/s. 304(A) IPC. |
| Order:- | ഹർജി അനുവദിച്ച് ഉത്തരവാകുന്നു. |

ഈ ഹർജി ഇന്നേ ദിവസം വാദത്തിനു വരുകയും, താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**ഉത്തരവ്**

1. പാസ്പോർട്ട് ആക്റ്റ് 1967 ലെ 22(a) വകുപ്പ അനുസരിച്ച് മൂന്ന് വർഷത്തേക്കുള്ള പാസ്പോർട്ട് പുതുക്കുന്നതിനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു, പ്രതി സമർപ്പിച്ചതാണ് മേൽ നമ്പർ ഹർജി. ഹർജിയോടൊപ്പം ടി പ്രതിയുടെ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്.

2. ST 179/2023ാം നമ്പർ കേസ് ഒന്നാം പ്രതിക്ക് എതിരേ ഇന്ത്യൻ ശിക്ഷാനിയമം 304(A) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് കൈപമംഗലം പോലീസ് ക്രൈം നമ്പർ 160/2023 ആയി രജിസ്റ്റർ ആക്കിയിട്ടുള്ളതാണ്.

3. ഹർജിയുടെ ചുരുക്കം: ഹർജിക്കാരൻ മേൽ നമ്പർ കേസിലെ പ്രതിയാണ്. ഹർജിക്കാരനെതിരെ ആരോപിച്ചിരിക്കുന്ന കുറ്റം ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304-A വകുപ്പ് പ്രകാരമാണ്. ഹർജിക്കാരന് F 7268732 നമ്പറിലുള്ള പാസ്പോർട്ട് ഉണ്ടായിരുന്നതും, അതിന്റെ കാലാവധി 03.04.2016 ന് അവസാനിച്ചതുമാണ്. ഹർജിക്കാരന് വിദേശത്ത് ഒരു ജോലി ലഭിച്ചിട്ടുള്ളതും, കേസിലെ സാക്ഷി വിസ്താരം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും, കോടതി ആവശ്യപ്പെടുന്ന സമയത്ത് ആവശ്യമായാൽ നേരിട്ട് ഹാജരാകാമെന്നും ടി കേസല്ലാതെ വേറെ ഒരു കേസിലും താൻ പ്രതിയല്ലെന്നും ഹർജിക്കാരൻ സത്യവാങ്മൂലം മുഖേന

അറിയിച്ചിരിക്കുന്നു. ആയതിനാൽ, ഹർജിക്കാരന് മൂന്ന് വർഷത്തേക്കുള്ള പാസ്പോർട്ട് പുതുക്കുന്നതിനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അനുമതി തേടിയണ് ഹർജിക്കാരൻ ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

4. ഹർജി പകർപ്പ് APP ക്ക് നൽകി. വാദം കേട്ടു.

5. ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്ന അപേക്ഷക്ക് അനുമതി നൽകാമോ എന്നതാണ് ഈ കോടതിയുടെ പരിഗണനയ്ക്കുള്ള ഏക വിഷയം.

6. വിഷയം: പ്രതി നേരിട്ടും അഭിഭാഷകൻ മുഖേനയും കോടതി നടപടികളിൽ പങ്കെടുത്ത് വരികയാണ്. സമ്മൺസ് ലഭിച്ച പ്രതി കോടതിയിൽ ഹാജരായി ജാമ്യം എടുത്തിട്ടുണ്ട്. കുറ്റച്ചുരുക്കം വായിച്ച് കേൾപ്പിച്ചു. ആയത് പ്രതി നിഷേധിച്ചിട്ടുള്ളതാണ്. പ്രതിക്ക് വിദേശത്തേക്ക് ജോലി ശരിയായിട്ടുള്ളതിനാലും ഹർജിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്ന്, ഈ കേസിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304(A) വകുപ്പ് പ്രകാരം ശിക്ഷാർഹമാണെങ്കിലും, ഹർജിക്കാരൻ കേസിൽ ജാമ്യത്തിലാണെന്നും, കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കാൻ സന്നദ്ധനാണെന്നും വ്യക്തമാണ്. കൂടാതെ, തൊഴിൽ നേടാനും ഉപജീവനം നടത്താനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഓരോ പൗരനും ഉറപ്പുനൽകുന്ന മൗലികാവകാശമാണ്. തൊഴിൽ അവസരം ലഭിച്ച സാഹചര്യത്തിൽ മൂന്ന് വർഷത്തേക്കുള്ള പാസ്പോർട്ട് പുതുക്കുന്നതിനുമായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകുന്നതിൽ യാതൊരു തടസ്സവും കാണുന്നില്ലെന്ന് ഈ കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. തൽഫലമായി, സി.എം.പി. അനുവദിച്ചിരിക്കുന്നു.

7. അതിനാൽ, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഹർജിക്കാരന് മൂന്ന് വർഷത്തേക്കുള്ള പാസ്പോർട്ട് പുതുക്കുന്നതിനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകുന്നു:

i) ഹർജിക്കാരൻ ഇന്ത്യൻ പാസ്സ്പോർട്ട് നിയമത്തിന്റെ വകുപ്പുകൾ അനുസരിച്ച് ഒരു പാസ്സ്പോർട്ട് നേടുന്നതിന് അർഹനായ വ്യക്തിയാണെങ്കിൽ കൊച്ചി റീജനൽ പാസ്സ്പോർട്ട് ഓഫീസർക്ക് പ്രതിയുടെ പാസ്സ്പോർട്ടിനായുള്ള അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. ഹർജിക്കാരന്റെ പേരിൽ ഈ ഉത്തരവ് തിയതി 19.03.2026 മുതൽ 3 വർഷത്തേക്ക് പാസ്സ്പോർട്ട് അനുവദിക്കുന്നതിന് ഈ കോടതിക്ക് തടസ്സമില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

ii) കോടതി ആവശ്യപ്പെടുന്ന സമയത്ത് ഹർജിക്കാരൻ നിർബന്ധമായും കോടതിയിൽ ഹാജരാകേണ്ടതും ആവശ്യമെങ്കിൽ പാസ്സ്പോർട്ട് കോടതിയിൽ സമർപ്പിക്കേണ്ടതുമാണ്.

iii) കോടതിയുടെ മുൻകൂർ അനുമതിയില്ലാതെ ഹർജിക്കാരൻ ഇന്ത്യ വിട്ട് പോകാൻ പാടില്ല.

iv) ജാമ്യ വ്യവസ്ഥകൾ ഹർജിക്കാരൻ കർശനമായി പാലിക്കണം.

v) കോടതിയുടെ മുൻകൂർ അനുമതിയില്ലാതെ പാസ്പോർട്ട് വിവരങ്ങളിൽ യാതൊരു മാറ്റവും വരുത്തരുത്.

(ഞാൻ പറഞ്ഞു കൊടുത്തത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി തിരുത്തി കോടതിയിൽ 19.03.2026 ന് ഇപ്രകാരം വിധി പറഞ്ഞിട്ടുള്ളതാണ്).

Sd/-
ന്യായാധികാരി,
ഗ്രാമന്യായാലയം മതിലകം

//ശരി പകർപ്പ്//

ന്യായാധികാരി,
ഗ്രാമന്യായാലയം മതിലകം

Order in  CMP No.02/2026

in S.T. 179/2023

Dated: 19.03.2026